ഉത്തരം

(എ) കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രിയുടെ 2004-2005 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇന്ത്യയുടെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് തെരഞ്ഞെടുത്ത ഒന്നോ രണ്ടോ ജില്ലകളിൽ ഭക്ഷ്യ വിതരണ രംഗത്ത് ഭക്ഷ്യ കൂപ്പൺ (ഫുഡ് സ്റ്റാമ്പ്) പദ്ധതി പരീക്ഷണാർത്ഥം നടപ്പാക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എലത്തൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ

64 [375] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ പുതിയ നിരത്ത് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എലത്തൂർ പഞ്ചായത്തിലെ പുതിയ നിരത്ത് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭിക്കുകയുണ്ടായില്ല.

ശബരി സ്റ്റോറുകൾ

65 [376] *ശ്രീ. എ. എ. അസീസ്:*
,, *കൊവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശബരി സ്റ്റോറുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ; ഇവ ഏത് മാനദണ്ഡമനുസരിച്ചാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 1908 ശബരി സ്റ്റോറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 824 ശബരിസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥല സൗകര്യം, വിപണന സാദ്ധ്യത, റേഷൻ കാർഡുകളുടെ എണ്ണം, റോഡ് സാമീപ്യം, കോർപ്പറേഷന്റെ ഏറ്റവും അടുത്ത വിൽപന ശാലയിൽ നിന്നുള്ള ദൂരം, റേഷൻ കടക്കാരന്റെ കച്ചവട പരിചയം തുടങ്ങിയ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റേഷൻ കടകളെ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്തിട്ടുള്ളത്.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ

66 [377] *ശ്രീ. ടി. എൻ. പ്രതാപൻ:*

,, കെ. ബാബു:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി ഏതെല്ലാം സ്കീമിൽപ്പെടുന്ന ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യുന്നത്;

(ബി) ഓരോ സ്കീമിലും പെടുത്തി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ വില വെളിപ്പെടുത്തുമോ;

(സി) ഓരോ സ്കീമിലും പ്രതിവാരം എത്ര ഭക്ഷ്യധാന്യങ്ങൾ വീതം നൽകുന്നു;

(ഡി) സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന സ്കീം നിലവിലുണ്ടോ;

(ഇ) എങ്കിൽ ഇതനുസരിച്ച് പ്രതിമാസം എത്ര ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി ബി. പി. എൽ., എ. പി. എൽ., അന്ത്യോദയ, അന്നയോജന, അന്നപൂർണ്ണ എന്നീ സ്കീമിൽപ്പെടുന്ന ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly